പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.615 28.02.2017 ൽ മറുപടിയ്ക്ക്

## സ്പോർട്സ് താരങ്ങളുടെ ഉന്നമനത്തിനായി ആനുകൂല്യങ്ങൾ

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ്ജ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | വിവിധ സ്പോർട്സ് ഗെയിംസ് വിഭാഗത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ് എന്നിരിക്കേ, ഈ നേട്ടം കൈവരിക്കുന്ന സ്പോർട്സ് താരങ്ങളുടെ ഉന്നമനത്തിനായി മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കാര്യമായ യാതൊരു വിധ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും ജോലികളും നൽകുന്നില്ലായെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ; | എ) & ബി) | കേരളത്തിലെ കായിക താരങ്ങൾക്ക് അവരവരുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>ദേശീയ /അന്തർ ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കായിക താരങ്ങൾക്ക് അവരുടെ കായിക മികവുകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡ പ്രകാരം സംസ്ഥാന സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടായിൽ ഓരോ വർഷവും 50 പേർക്ക് വീതം നിയമനം നൽകി വരുന്നു. ദേശീയ / അന്തർദേശീയ തലത്തിൽ നേട്ടങ്ങൾ കൈവരിയ്ക്കുന്നവർക്ക് സംസ്ഥാന സർക്കാർ ഓരോ വർഷവും ക്യാഷ് അവാർഡ് നൽകുന്നുണ്ട്.<br><br>35-ാം ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയ കായിക താരങ്ങൾക്കും, ടീം ഇനത്തിൽ സ്വർണ്ണമെഡൽ നേടിയ കായിക താരങ്ങൾക്കും നിലവിൽ ജോലിയില്ലാത്തവർക്ക് കേരള സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് സർക്കാർ ഉത്തരവായിരുന്നു. ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങളിൽ നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശുപാർശ ചെയ്യുന്നതിനും, സർക്കാർ ഉത്തരവായിരുന്നു. ഗസറ്റഡ് തസ്തികയിൽ ശ്രീ.സാജൻ പ്രകാശിനും, കുമാരി എലിസബത്ത് സൂസൻ കോശിയ്ക്കും |
| ബി) | ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | | |

പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കുമാരി അനിൽഡാ തോമസിനും കുമാരി അനു രാഘവനും വനം വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ നിയമനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

35-ാമത് നാഷണൽ ഗെയിംസിൽ പങ്കെടുത്ത് വ്യക്തിഗത/ടീമിനത്തിൽ മെഡൽ നേടിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്.

പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത കോഴ്സുകളിൽ കായിക താരങ്ങളെ സ്പോർട്സ് ക്വാട്ടാ അഡ്മിഷനു വേണ്ടി മാനദണ്ഡ പ്രകാരം ശുപാർശ ചെയ്തു വരുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്നതിന് കേരളീയ കായിക താരങ്ങളെ സജ്ജരാക്കുന്നതിനായി അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ് എന്നീ കായിക യിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

അന്തർദേശീയ മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന കായിക താരങ്ങൾക്ക് കിറ്റ് അലവൻസ് നൽകി വരുന്നു. കൂടാതെ ജോലിയില്ലാത്ത കായിക താരങ്ങൾക്ക് അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കേന്ദ്ര സർക്കാർ നോ കോസ്റ്റ് ബേസിസിൽ അനുമതി നൽകിയാൽ ആകെ ചെലവിന്റെ 50% ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കായിക താരങ്ങളുടെ എല്ലാ ചെലവുകളും സ്പോർട്സ് കൗൺസിൽ വഹിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ